**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2048** **29-09-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ചു വരുന്ന ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി നിരവധിയായ സഹായങ്ങൾ ക്ഷീരവികസന വകുപ്പും മിൽമയും നടപ്പിലാക്കുന്നു. ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സഹായിക്കുന്നതിനായി ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്കു പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. ക്ഷീരകർഷകർക്ക് സ്ഥിരമായ വിലയും വിപണിയും ഉറപ്പുവരുത്തിക്കൊണ്ട്, കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലൊഴിക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകി വരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2023-ൽ ഇന്ത്യയിൽ ആദ്യമായാണ് മലബാർ മേഖലാ യൂണിയൻ പശുക്കൾക്ക് വേണ്ടി കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br><br>ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മിൽമയുടെ വിഹിതമായി നൽകിയിരുന്ന തുക, 500 രൂപയിൽ നിന്നും ഈ |

വർഷം മുതൽ 600 രൂപയായി ഉയർത്തിയിട്ടുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും അത് ഉൽപാദന പ്രക്രിയയ്ക്ക് വിധേയമാക്കി പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു. അതോടൊപ്പം തന്നെ സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടു കൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. ഇവ കൂടാതെ, അതാത് കാലങ്ങളിൽ വിവിധ കാലിത്തീറ്റ സബ്സിഡികൾ നൽകിക്കൊണ്ടും സംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടുമെല്ലാം എത്തിച്ചുകൊണ്ടും, മറ്റനേകം കർഷക ക്ഷേമപ്രവർത്തനങ്ങളായും മിൽമ പ്രവർത്തന ലാഭത്തിന്റെ 98 ശതമാനവും ക്ഷീരകർഷരിലേക്ക് തന്നെ തിരികെ എത്തിക്കുന്നുണ്ട്.

കൂടാതെ, കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിയവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ക്ഷീരവികസന വകുപ്പ് കാലാനുസൃതമായിട്ടുള്ള വാർഷിക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയും അനുവദിക്കപ്പെടുന്ന ഫണ്ട് പരമാവധി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | മിൽക്ക് ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, ക്ഷീരസംഘങ്ങളുടെ ശാക്തീകരണം, ഗുണമേന്മാ നിയന്ത്രണ പരിപാടികൾ, സബ് സിഡി കാലിത്തീറ്റ വിതരണം തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br><br>കർഷകർക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പദ്ധതികളുടെ വിവരങ്ങൾ ക്ഷീരവികസന വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.<br><br>സുതാര്യവും കാര്യക്ഷമവുമായി കർഷകരേയും വകുപ്പിനേയും ഏകോപിപ്പിക്കുന്നതിനും അപേക്ഷകൾ സ്വീകരിച്ച് പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ഓൺലൈൻ സംവിധാനമായ ക്ഷീരശ്രീ പോർട്ടൽ പ്രവർത്തിക്കുന്നു.<br><br>ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് 7 ക്ഷീര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.<br><br>ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മേൽനോട്ടം വഹിക്കുന്നതിനും, പദ്ധതികൾ നിർവ്വഹിക്കുന്നതിനും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗുണമേന്മ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ബ്ലോക്ക് തലത്തിൽ 162 ക്ഷീരവികസന യൂണിറ്റുകൾ, ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ, ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് എന്നിവ പ്രവർത്തിക്കുന്നു. ത്രിതല പഞ്ചായത്തുകൾ വഴി പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ഉരുക്കളെ വാങ്ങുന്ന പദ്ധതികൾ മുതലായ ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ബി) | കാലിത്തീറ്റ വിലവർദ്ധനവ്, പാൽവിലക്കുറവ്, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ ഒട്ടനവധി കാരണങ്ങളാൽ ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് സംസ്ഥാനത്തെ പാൽ ഉല്പാദനം സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | • കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.<br>• കർഷകർക്ക് അധിക പാൽവിലയായിട്ടു മാത്രം 157.99 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം മിൽമ മേഖലാ |

യൂണിയനുകൾ ക്ഷീരകർഷകർക്ക് നൽകിയിട്ടുള്ളത്.

- നിശ്ചിത പരിധിക്കു മുകളിൽ അന്തരീക്ഷ താപനില ഉയർന്നാൽ കറവ മൃഗങ്ങളിൽ ഉണ്ടാകുന്ന ഉല്പാദനക്കുറവ് മൂലമുള്ള സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച ഇൻഷുറൻസ് പദ്ധതിയാണ് കന്നുകാലികൾക്കുള്ള കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി. ഓരോ ജില്ലയിലും വിവിധ ഭാഗങ്ങളിൽ ഭൂപ്രകൃതി വ്യത്യസ്തമായതിനാൽ കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്ന രീതിയിൽ അന്തരീക്ഷ താപനില താലൂക്ക് അടിസ്ഥാനത്തിൽ നിർണ്ണയിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിലൂടെ ഉയർന്ന താപനില രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൈമാറാൻ മേഖലായൂണിയനുകൾക്ക് സാധിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് തിരുവനന്തപുരം മേഖലാ യൂണിയൻ 28.83 ലക്ഷം രൂപയും, എറണാകുളം മേഖലാ യൂണിയൻ 3.78ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയൻ 23.07 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ട്.

ഇന്ത്യയിൽ പാലിന് ഏറ്റവും കൂടുതൽ വില ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. മിൽമയുടെ വില ചാർട്ട് പ്രകാരമാണ് ക്ഷീരകർഷകർക്ക് പാൽവില നൽകുന്നത്. 2022 ഡിസംബർ മാസത്തിലാണ് പാൽവില ലിറ്ററിനു 6 രൂപ വർധിപ്പിച്ചത്. അതിൽ 5.025/- രൂപ കർഷകർക്ക് ലഭ്യമാകുന്ന രീതിയിലാണ് വില വർധനവ് നടത്തിയത്.

കാലിത്തീറ്റയ്ക്ക് പകരം തീറ്റപ്പുല്ല്, സൈലേജ്, പയറുവർഗ്ഗചെടികൾ എന്നിവ നൽകുന്നത് ഉൽപ്പാദന ചെലവു ഒരു പരിധി വരെ കുറയ്ക്കുന്നതിന് സഹായകരമാണ്. കൂടാതെ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ്, ധാതുലവണ മിശ്രിതം എന്നിവ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

സ്വയംപര്യാപ്ത ക്ഷീരകേരളം ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങളുടെ ഭാഗമായി ക്ഷീര വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള

| | | | |
|---|---|---|---|
| | | | സുപ്രധാന പദ്ധതികളിൽ ഉൾപ്പെട്ടതാണ് "ഉരുക്കളെ വാങ്ങുന്ന പ്രത്യേക പദ്ധതി". 2007-08 കാലഘട്ടം മുതൽ തൻവർഷം വരെ ഏകദേശം ഒരു ലക്ഷത്തോളം ഉരുക്കളെ സംസ്ഥാനത്ത്, സർക്കാരിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി കർഷകർക്ക് വിതരണം ചെയ്യുവാൻ ക്ഷീര വികസന വകുപ്പിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലെ 162 ക്ഷീര വികസന ബ്ലോക്കുകളിൽ നിന്നും പാലുൽപ്പാദനത്തിന് മുൻപന്തിയിലുള്ള ക്ഷീര മേഖലയിൽ മികവ് പുലർത്തുന്നതുമായ 50 പൊട്ടൻഷ്യൽ ബ്ലോക്കുകളെ ഫോക്കസ് ബ്ലോക്കുകളായി പരിഗണിച്ചുകൊണ്ട് പശുവളർത്തൽ, പാലുല്പാദനം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുമുള്ള പദ്ധതികൾ 2025-26 സാമ്പത്തിക വർഷം പ്രത്യേകം നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ